SUNDAY 17/08/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/08/2025

1. കർഷകദിനാഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം, ഇന്ന് 1201 ചിങ്ങം 1 ന് (2025, ആഗസ്റ്റ് 17, ഞായർ) തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ ബഹു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുകയാണ്. രാവിലെ 8.30 ന് ഘോഷയാത്രയോടുകൂടി ആരംഭിക്കുന്ന പരിപാടിയിൽ 'കേര' പദ്ധതിയെ കുറിച്ചുള്ള സെമിനാറും ഉണ്ടായിരിക്കുന്നതാണ്. സംസ്ഥാനത്തെ മികച്ച കർഷകരെ ആദരിക്കുന്ന ചടങ്ങും 2024 വർഷത്തെ സംസ്ഥാന കർഷക അവാർഡ് വിതരണവും ഇതേ വേദിയിൽ മുഖ്യമന്ത്രി നിർവഹിക്കുന്നു. പ്രസ്തുത ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് അധ്യക്ഷത വഹിക്കും. മന്ത്രിമാർ, മേയർ, എംപി മാർ, എംഎൽഎ മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ്, മറ്റു ജനപ്രതിനിധികൾ, കർഷകർ, കർഷക തൊഴിലാളികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുന്നു.

2. വനമിത്ര പുരസ്കാരം 2025-26: അപേക്ഷാതീയതി നീട്ടി. 2025-26 വർഷത്തില് ജില്ലയിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ച ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വനം-വന്യജീവി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വകുപ്പ് നൽകുന്ന വനമിത്ര 2025-26 പുരസ്കാരത്തിനായി ജില്ലയിലെ താത്പര്യമുള്ള വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകര് എന്നിവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയതി ആഗസ്ററ് 31 വരെ ദീർഘിപ്പിച്ചു. വനമിത്ര പുരസ്ക്കാരത്തിന് അർഹമാവുന്നവർക്ക് 25000/ രൂപ അവാർഡും ഫലകവും നൽകും. കണ്ടൽക്കാടുകള്, ഔഷധ സസ്യങ്ങൾ, ജൈവവൈവിധ്യം, കൃഷി മുതലായവ പരിരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്കാണ് അവാർഡ്. ഇതിനായി ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുന്ന ഒരു ലഘു കുറിപ്പും ഫോട്ടോയും സഹിതം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റര്, സാമൂഹ്യ വനവൽക്കരണ വിഭാഗം, മലപ്പുറം എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0483-2734803, 8547603857,8547603864.

## പരിശീലന പരിപാടി

1. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സാമൂഹിക സുരക്ഷാ മിഷന്റെയും കമ്മ്യൂണിറ്റി സയൻസ് ഡിപ്പാർട്ട്മെൻറിൻറെയും സംയുക്താഭിമുഖ്യത്തിൽ വെള്ളായണി കാർഷിക കോളേജിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തുന്ന ഒരു വർഷത്തെ സൗജന്യ ഹോട്ടികൾച്ചറൽ തെറാപ്പി പരിശീലന കോഴ്സിന് അപേക്ഷകൾ ക്ഷണിക്കുന്നു. 18 വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിന സ്റ്റൈപ്പന്റും ഉണ്ടായിരിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 2025 ഓഗസ്റ്റ് 20. കൂടുതൽ വിവരങ്ങൾക്ക് കാർഷിക സർവകലാശാലയുടെ വെബ്സൈറ്റ്/താഴെ പറയുന്ന ലിങ്ക് സന്ദർശിക്കുക: https://kau.in/announcement/32195

2. ക്ഷീര വികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഓഗസ്റ്റ് മാസം 21, 22 തീയതികളിൽ 10 പശുക്കളിൽ കൂടുതൽ പശു വളർത്തുന്ന കർഷകർക്കും, നവീന സംരംഭകർക്കുമായി "ക്ഷീര സംരംഭകർക്കുള്ള പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 2025 ഓഗസ്റ്റ് 20–ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം 695004. Email ID:principaldtctvm@gmail.com

3. സി പി സി ആർ ഐ കായംകുളം പ്രാദേശിക കേന്ദ്രത്തിൽ നിന്നും ചിങ്ങം ഒന്നിനോട് (കർഷകദിനം) അനുബന്ധിച്ച് ഓഗസ്റ്റ് 18 ആം തിയതി മുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മുതൽ 4 മണി വരെ തെങ്ങിൻ തൈ വിതരണം ഉണ്ടായിരിക്കുന്നതാണ്. കുറിയ ഇനങ്ങൾ കല്പശ്രീ, ചാവക്കാട് ഓറഞ്ച് 230 രൂപക്കും നാടൻ ഇനം പശ്ചിമ തീര നെടിയ 140 രൂപക്കും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 8547465733, 0479 –2442160

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "പ്രകൃതി കൃഷി" എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 20ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവര് 9400483754 എന്ന ഫോണ് നമ്പറിൽ (രാവിലെ10 മണി മുതല് വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ആഗസ്റ്റ് 18 മുതൽ 22 വരെ തീയതികളിൽ "ശാസ്ത്രീയ പശു പരിപാലനം " എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 2025 ആഗസ്റ്റ് 18 രാവിലെ 10 മണിക്ക് കോട്ടയം (Manorama Junction ന് സമീപം) ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം, ദിനബത്ത,അർഹമായ യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0481-2302223, 9446533317.